കേരള സർക്കാർ

## ഹരിതകേരളം മിഷൻ

### കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

# വായുവും വെള്ളവും മണ്ണും മലിനമാക്കുന്നവർക്കെതിരെ നമുക്ക് കൈകോർക്കാം

## കുട്ടികൾക്കുള്ള കൈപ്പുസ്തകം

ഏപ്രിൽ 2019

**വായുവും വെള്ളവും മണ്ണും മലിനമാക്കുന്നവർക്കെതിരെ നമുക്ക് കൈകോർക്കാം**
കുട്ടികൾക്കുള്ള കൈപ്പുസ്തകം

തയ്യാറാക്കിയത്
**ഹരിതകേരളം മിഷൻ ടീം**

കവർ ഡിസൈൻ, ചിത്രങ്ങൾ
**സുധീർ പി വൈ**

ലേ- ഔട്ട്
**ഫൗസിയ പി എ**

അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ**

അച്ചടി
**ഗ്രാമലക്ഷ്മി മുദ്രാലയം**

കോപ്പി:600000
സൗജന്യവിതരണത്തിന്

ഏപ്രിൽ 2019



# ആമുഖം

കേരളം ഇന്ന് നേരിടുന്ന വികസന പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മാലിന്യവുമായി ബന്ധപ്പെട്ടത്. മാലിന്യങ്ങളുടെ അളവു കുറയ്ക്കലും ഉണ്ടാകുന്ന മാലിന്യത്തെ സുരക്ഷിതമായി കൈകാര്യം ചെയ്യലും ഉൾപ്പെടെ ഒട്ടേറെ കാര്യങ്ങളിൽ ഇനിയും നമുക്ക് ഏറെ മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ഇടപെടലോടെ മാത്രമേ ഇക്കാര്യത്തിൽ ചെറിയ മാറ്റങ്ങൾപോലും ഉണ്ടാക്കാൻ സാധിക്കൂ. ഇതിനായി ഹരിതകേരളം മിഷനും ശുചിത്വ മിഷനും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നിരവധി പ്രവർത്തനങ്ങളിൽ ഒന്നാണ് കുട്ടികളിലൂടെയുള്ള ഇടപെടൽ. സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്ത് - നഗരസഭാ വാർഡുകളിലും കുടുംബശ്രീ ബാലസഭാ കുട്ടികൾക്കായി നടത്തുന്ന **പെൻസിൽ** ക്യാമ്പുകളിലൂടെയാണ് ഇതിന്റെ ഒരു ഭാഗം നടപ്പാക്കുന്നത്. കേരളത്തിലെ മുഴുവൻ സ്കൂളുകളിലേയും കുട്ടികളിലേയ്ക്ക് ഈ പ്രവർത്തനം വ്യാപിപ്പിക്കുന്ന രണ്ടാംഘട്ടവും വിഭാവനം ചെയ്തിട്ടുണ്ട്. നവകേരള നിർമ്മിതിയിലെ ഹരിതകേരളം എന്ന ലക്ഷ്യസാക്ഷാത്കാരത്തിലേയ്ക്കുള്ള വലിയ ഒരു കുതിപ്പിന് ഇതിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനാലാണ് ഈ പ്രവർത്തനങ്ങൾക്കുള്ള പരിശീലനം തികഞ്ഞ ഗൗരവത്തോടെ കില ഏറ്റെടുത്തിട്ടുള്ളത്. ഈ പരിശീലന പരിപാടികളിലും പെൻസിൽ ക്യാമ്പുകളിലും തുടർന്ന് കുട്ടികളെ വാർഡ്തല ശുചിത്വ അംബാസിഡർമാരായി മാറ്റുന്ന പ്രവർത്തനങ്ങളിലും ഉപയോഗിക്കാൻ കഴിയുന്ന ഒരു കൈപ്പുസ്തകമാണ് ഇത്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ ലളിതമായും ആകർഷകമായും ഉൾപ്പെടുത്തിയിട്ടുള്ള ഈ കൈപ്പുസ്തകം കുട്ടികൾക്ക് ഒരു പാഠപുസ്തകമായി മാറും എന്ന് പ്രത്യാശിക്കുന്നു.

**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ, കില



## ഈ കൈപ്പുസ്തകം ഉപയോഗിക്കേണ്ടതെങ്ങനെ?

പ്രിയപ്പെട്ട കുട്ടികളേ,

ചുവടെ ചേർത്തിരിക്കുന്ന ചിത്രങ്ങൾ കണ്ടില്ലേ? മനുഷ്യന്റെ അശ്രദ്ധയോടെയുള്ളതും അശാസ്ത്രീയവുമായ ഇടപെടൽ നിമിത്തം നമുക്കു ചുറ്റിലുമുള്ള ജീവജാലങ്ങൾക്ക് നേരിടേണ്ടിവരുന്ന അത്യന്തം ദയനീയമായ അവസ്ഥകളുടെ സ്വയം സംസാരിക്കുന്ന തെളിവുകളാണ് ഈ ചിത്രങ്ങൾ. പക്ഷികളും മൃഗങ്ങളും മത്സ്യങ്ങളുമുൾപ്പെടെയുള്ള ജീവി വർഗ്ഗങ്ങൾക്ക് മാത്രമാണോ മനുഷ്യന്റെ പ്രവൃത്തികൾ ദോഷകരമാവുന്നത്? അല്ല. ഇതിലുമെത്രയോ മടങ്ങ് ദോഷം മനുഷ്യർക്ക് ഇത്തരം പ്രവൃത്തികളിലൂടെ ഉണ്ടാകുന്നുണ്ട്. പാഴ്വസ്തുക്കളെന്നു കരുതി നാം വലിച്ചെറിയുന്നവയിൽ മിക്കവയും നമുക്ക് മറ്റേതെങ്കിലും തരത്തിൽ പ്രയോജനപ്പെടുത്തി എടുക്കാൻ കഴിയുന്നവയാണ്. അഴുകുന്നതും അഴുകാത്തതുമായ പാഴ്വസ്തുക്കളെ കഴിയുന്നിടത്തോളം അങ്ങനെ പ്രയോജനപ്പെടുത്തി എടുത്തു കഴിഞ്ഞാൽ ഇന്ന് ചുറ്റിലും കാണുന്ന മാലിന്യങ്ങളെ വലിയൊരളവ് വരെ ഇല്ലാതാക്കാൻ കഴിയും.

**അഴുകുന്ന വസ്തുക്കളൊക്കെ മണ്ണിനോട് ചേരട്ടെ!**

**അങ്ങനെ ഭൂമിയിൽ നിന്ന് അവയിലേക്കെത്തിയ മൂലകങ്ങൾ തിരികെ ഭൂമിയിലേക്കുതന്നെ എത്തട്ടെ!.**

**അഴുകാത്ത വസ്തുക്കളിൽ ഒഴിവാക്കാനാവാത്തവ മാത്രം ഉപയോഗിക്കുന്ന ശീലം നമുക്ക് വളർത്തിയെടുക്കാം.**



ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്നവ (disposables) ഒഴിവാക്കിയാൽ തന്നെ ഭൂമിയിലെ ആവാസ വ്യവസ്ഥ നിലനിൽക്കാൻ ഏറെ സഹായകമാവും. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള വസ്തുക്കൾ കത്തിക്കുമ്പോഴുണ്ടാകുന്ന വിഷവാതകങ്ങളെക്കുറിച്ചും അവയുണ്ടാക്കുന്ന ഗുരുതര ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും നിങ്ങൾ പഠിച്ചിട്ടില്ലേ? നമ്മുടെ പുഴകളിലേക്കും ജലസ്രോതസ്സുകളിലേക്കും മലിനജലവും ചപ്പുചവറുകളും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പാഴ്വസ്തുക്കളും എത്താനിടയാക്കുന്നതു നിമിത്തം നമുക്കു ചുറ്റുമുള്ള ജീവികളുടെ മാത്രമല്ല, നമ്മുടെ ജീവനും അപകടത്തിലായിക്കൊണ്ടിരിക്കുകയാണ്.

മാലിന്യങ്ങൾ ഇപ്രകാരം വലിച്ചെറിയുന്നതും, ഒഴുക്കി വിടുന്നതും, കത്തിക്കുന്നതുമെല്ലാം തടയാൻ നമ്മുടെ രാജ്യത്ത് ശക്തമായ നിയമങ്ങൾ നിലവിലുണ്ട്. നിയമലംഘനം നടത്തുന്നവർക്ക് ഈ നിയമങ്ങളെക്കുറിച്ച് അറിവില്ലാത്തതുകൊണ്ടാണ് മിക്കപ്പോഴും ഇത്തരം പ്രവൃത്തികൾ ആവർത്തിക്കുന്നത്. സമൂഹത്തിലെ ബഹുഭൂരിപക്ഷം പേർക്കും ഇത്തരം നിയമങ്ങളെക്കുറിച്ച് അറിവില്ലെന്നും അതിനാൽ തങ്ങൾക്കെതിരെ ആരും പരാതിപ്പെടില്ലെന്നും കരുതി നിയമലംഘനം തുടരുന്നവരും ഉണ്ട്. ചുറ്റിലും കണ്ണോടിച്ചാൽ നിങ്ങൾക്ക് ഇത്തരക്കാരെയൊക്കെ കണ്ടെത്താനാവും. ഇവ പരിഹരിക്കാൻ നിങ്ങൾക്ക് ഇടപെടാനാവും.

**കുട്ടികൾ നാളത്തെ പൗരരല്ല, ഇന്നത്തെ തന്നെ പൗരരാണ്.**

മാലിന്യവുമായി ബന്ധപ്പെട്ട് നമുക്കു ചുറ്റിലും കാണുന്ന പ്രധാനപ്പെട്ട ചില നിയമലംഘനങ്ങളും അവയ്ക്കുള്ള ശിക്ഷകളുമാണ് ഈ കൈപ്പുസ്തകത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇവയുൾപ്പെടെ ചുറ്റിലും കാണുന്ന പാരിസ്ഥിതിക നിയമലംഘനങ്ങൾക്കെതിരെയെല്ലാം പ്രതികരിക്കുന്നവരായി നിങ്ങൾ വളരണം.

**എങ്ങനെയാണ് നിങ്ങൾക്ക് ഇടപെടാൻ കഴിയുന്നത്?**

ഇത്തരം നിയമലംഘനങ്ങൾ കണ്ടാൽ അത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക എന്നതാണ് നിങ്ങൾക്ക് പ്രധാനമായും ചെയ്യാൻ കഴിയുന്നത്.

**ആരെയൊക്കെ അറിയിക്കാം?**

നിങ്ങളുടെ സ്കൂൾ അധികാരികളെയോ, വാർഡ് ജനപ്രതിനിധികളെയോ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/നഗരസഭാ അദ്ധ്യക്ഷ എന്നിവരെയോ, പോലീസ് അധികാരികളെയോ ഒക്കെ അറിയിക്കാം. കഴിവതും പരാതികൾ എഴുതി തയ്യാറാക്കി നൽകണം. ബാലസഭയുടെ പേരിലോ, സ്കൂളിലെ ക്ലാസിന്റെ പേരിലോ, സ്കൂളിന്റെ പേരിലോ ഒക്കെ കൂട്ടായ പരാതികളും നൽകാം. ഇത്തരത്തിൽ പരാതിപ്പെടാൻ കഴിയും വിധത്തിൽ നിയമലംഘനങ്ങളെക്കുറിച്ച് നിങ്ങൾക്ക് ധാരണയുണ്ടാക്കാൻ ലക്ഷ്യമിട്ടാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. അവധിക്കാലത്തു നടക്കുന്ന പെൻസിൽ ക്യാമ്പുകളുടെ ഭാഗമായാണ് ഇത് തയ്യാറാക്കിയിരിക്കുന്നതെങ്കിലും നിങ്ങൾക്ക് സൂക്ഷിച്ച് വച്ച് ഭാവിയിലും പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒന്നാണിത്.

ഉത്തരവാദിത്തമുള്ള പൗരരായി വളരാൻ നിങ്ങൾക്ക് കഴിയട്ടേ എന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ

**ഡോ. ടി.എൻ.സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
ഹരിതകേരളം മിഷൻ

# നമ്മുടെ ജീവൻ അപകടത്തിലാക്കണമോ?



# അന്തരീക്ഷത്തെ വിഷമയമാക്കണോ?

പ്ലാസ്റ്റിക്ക് കത്തിക്കുന്നതും ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കാത്തതും കീടനാശിനിയുടെ പാത്രങ്ങൾ അലക്ഷ്യമായി ഉപേക്ഷിക്കുന്നതും ഇ-മാലിന്യങ്ങൾ അലക്ഷ്യമായി ഉപേക്ഷിക്കുന്നതുമെല്ലാം അന്തരീക്ഷത്തെ വിഷമയമാക്കുന്ന പ്രവൃത്തികളാണ്.





ഇതിനെതിരെ നമുക്ക് എന്ത് ചെയ്യാനാകും?



ഇങ്ങനെ ചെയ്യുന്നവർക്കെതിരെ നമുക്ക് അധികാരികൾക്ക് പരാതി നൽകാം. ഇപ്രകാരമുള്ള പ്രവൃത്തികളെല്ലാം ഇന്ത്യൻ ശിക്ഷാനിയമം പ്രകാരം 500/- രൂപ പിഴ ലഭിക്കാവുന്ന കുറ്റമാണ്.



# മാലിന്യത്തിന്റെ ഉത്തരവാദിത്തം ആർക്ക്?

വീട്, ഫ്ളാറ്റ്, വ്യാപാരസ്ഥാപനം, ഓഫീസ്, കല്ല്യാണമണ്ഡപം, അറവ് ശാലകൾ, റയിൽവേസ്റ്റേഷൻ, വിമാനത്താവളം തുടങ്ങി എല്ലാ സ്ഥാപനങ്ങളിലുമുണ്ടാകുന്ന മാലിന്യങ്ങൾ അതിന് ഉത്തരവാദപ്പെട്ടവർ തന്നെ തരംതിരിച്ച് സംസ്കരിക്കണം.





അതായത് നമ്മുടെ
മാലിന്യം നമ്മുടെ ഉത്തരവാദിത്തം അല്ലേ?
പക്ഷേ ഇങ്ങനെ ചെയ്യാത്തവർ
നമുക്ക്ചുറ്റും ധാരാളമുണ്ടല്ലോ?



അതെ. അവരെക്കൂടി കാര്യങ്ങൾ പറഞ്ഞ്
മനസിലാക്കി ശരിയായ പ്രവൃത്തിയിലേക്ക്
കൊണ്ട് വരേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.



കാര്യങ്ങൾ മനസിലായിട്ടും
അനുസരിയ്ക്കാത്തവരെ
എന്ത് ചെയ്യാനാവും



അനുസരിക്കാത്തവർക്കെതിരെ നമുക്ക് അധികാരികളോട് പരാതിപ്പെടാം. അത്തരക്കാർക്ക് കടുത്ത ശിക്ഷ നൽകാനുള്ള നിയമം നമ്മുടെ രാജ്യത്ത് നിലവിലുണ്ട്. പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം ഇത്തരം കുറ്റങ്ങൾക്ക് 5 വർഷം വരെ തടവ് ശിക്ഷയോ ഒരു ലക്ഷം രൂപ പിഴയോ രണ്ടും കൂടിയോ ലഭിക്കാവുന്നതാണ്.








**മാലിന്യം സൃഷ്ടിക്കുന്നവർ തന്നെ അത് ശരിയായി സംസ്ക്കരിക്കുകയും വേണം. നമ്മുടെ പരിസരം മാലിന്യ കൂമ്പാരമായി മാറാൻ അനുവദിക്കരുത്.**

# മാലിന്യങ്ങൾ വലിച്ചെറിയല്ലേ...കത്തിക്കല്ലേ

അഴുകുന്ന മാലിന്യങ്ങൾ നേരിട്ടോ,
കവറുകളിലാക്കിയോ പൊതുവഴികളിലേയ്ക്കും
ജലാശയങ്ങളിലേയ്ക്കും വലിച്ചെറിയുന്നതും,
പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അഴുകാത്ത മാലിന്യങ്ങൾ
കുഴിച്ചുമൂടുന്നതും കത്തിക്കുന്നതുമെല്ലാം
നമുക്ക് വലിയ ദോഷം ചെയ്യുന്ന പ്രവൃത്തികളാണ്.





അതെയതെ, പ്ലാസ്റ്റിക് കത്തുമ്പോഴുണ്ടാകുന്ന
വാതകങ്ങൾ ക്യാൻസർ ഉൾപ്പെടെയുള്ള
മാരക രോഗങ്ങൾക്ക് കാരണമാകും
എന്ന് ഞങ്ങൾ പഠിച്ചിട്ടുണ്ട്.



വളരെ ശരിയാണ്. ഇത്തരം പ്രവൃത്തികൾ
ചെയ്യുന്നവർക്കെതിരെ നമുക്ക് അധികാരികൾക്ക്
പരാതി നൽകാം. പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം
5 വർഷം വരെ നീളുന്ന തടവോ ഒരു ലക്ഷം രൂപ
പിഴയോ രണ്ടും കൂടിയോ ലഭിക്കാവുന്ന കുറ്റമാണിത്.



# സൽക്കാരങ്ങളിലെ മാലിന്യമെന്ത് ചെയ്യും?



വിവാഹം, ഗൃഹപ്രവേശം തുടങ്ങിയ ചടങ്ങുകളെല്ലാം സന്തോഷകരമാണ്. എന്നാൽ പ്ലാസ്റ്റിക് പാത്രങ്ങളും, കപ്പുകളും, പ്ലാസ്റ്റിക് ആവരണമുള്ള പേപ്പർ ഇലയും ഉൾപ്പെടെയുള്ള ഡിസ്പോസബിൾ വസ്തുക്കളിലാണ് ഭക്ഷണം വിളമ്പുന്നതെങ്കിൽ ഈ സന്തോഷകരമായ ചടങ്ങ് ക്ഷണിച്ചുവരുത്തിയവർക്കും നമ്മുടെ പ്രകൃതിയ്ക്കും അത്യധികം ദോഷം ചെയ്യുന്ന ഒന്നായി മാറും. മാത്രവുമല്ല ഇത്തരം ചടങ്ങുകളിലുണ്ടാകുന്ന മാലിന്യം തരംതിരിച്ച് സൂക്ഷിക്കുകയും ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തില്ലെങ്കിൽ അത് കുറ്റകരവുമാണ്.



ആണോ?
അപ്പൊ ഇത്തരക്കാർക്കെതിരെ
നിയമനടപടി എടുക്കാല്ലോ?



തീർച്ചയായും. ഇങ്ങനെ ചെയ്യാതിരിക്കുന്നവർക്കെതിരെ നമുക്ക് അധികാരികൾക്ക് പരാതി നൽകാം. പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം 5 വർഷം വരെ ജയിൽ ശിക്ഷയോ ഒരു ലക്ഷം രൂപ വരെ പിഴയോ രണ്ടുംകൂടിയോ ലഭിക്കാവുന്ന കുറ്റകൃത്യമാണ്, ഇവയെല്ലാം.





**വിവാഹവും ഗൃഹപ്രവേശവും**
**സന്തോഷഭരിതമാക്കാം.**
**എല്ലാ ഒത്തുചേരലുകളും മാലിന്യ രഹിതമാക്കാം,**
**കുറ്റവിമുക്തവുമാക്കാം.**

# റോഡരികിലെ തട്ടുകടയും കരിക്കുകടയും

വഴിയോര കച്ചവടസ്ഥാപനങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന ഭക്ഷണ മാലിന്യം, കരിക്കിൻ തൊണ്ടുകൾ, കാനുകൾ, പ്ലേറ്റുകൾ, കപ്പുകൾ തുടങ്ങിയ മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്താൽ  അത് നമുക്ക് വലിയ ദോഷം ചെയ്യും.





ലൈസൻസൊന്നും എടുക്കാതെ പ്രവർത്തിക്കുന്ന ഇവർക്കെതിരെ എന്തെങ്കിലും നടപടി എടുക്കാൻ കഴിയുമോ?



തീർച്ചയായും കഴിയും. ഇത്തരം സ്ഥലങ്ങളിലെ മാലിന്യവും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിർദ്ദേശാനുസരണം നിർമ്മാർജ്ജനം ചെയ്യണം. അങ്ങനെ ചെയ്യാത്തവർക്കെതിരെ നമുക്ക് അധികാരികളോട് പരാതിപ്പെടാം. പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം 5 വർഷം തടവോ ഒരു വർഷം പിഴയോ രണ്ടും കൂടിയോ ലഭിക്കാവുന്ന കുറ്റമാണ്.







**പരിസ്ഥിതി സൗഹൃദമല്ലാത്ത പ്ലേറ്റുകളും കപ്പുകളും ഉപയോഗിക്കുന്ന ഭക്ഷണശാലകളിൽ നിന്ന് ഭക്ഷണം കഴിക്കാതിരിക്കാം.**

# മാലിന്യം നീക്കം ചെയ്യാൻ ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറി ആവശ്യപ്പെട്ടാൽ അനുസരിക്കണം.

ഹോട്ടൽ, ആശുപത്രി, കല്യാണമണ്ഡപം, ഫാക്ടറി, തുടങ്ങി ഏത് സ്ഥലത്തുണ്ടാകുന്ന മാലിന്യവും ശാസ്ത്രീയമായി നീക്കം ചെയ്യാൻ പഞ്ചായത്ത്/നഗരസഭാ സെക്രട്ടറി ആവശ്യപ്പെട്ടാൽ അതനുസരിക്കുന്നതിന് ബന്ധപ്പെട്ടവർ ബാധ്യസ്ഥരാണ്.






പക്ഷേ ഇത്തരം സ്ഥലങ്ങളിൽ പലപ്പോഴും മാലിന്യം കൂടിക്കിടക്കുന്നത് കാണാറുണ്ടല്ലോ. സെക്രട്ടറി ആവശ്യപ്പെടാത്തതാണോ അതോ ഇവർ അനുസരിക്കാത്തതാണോ കാരണം.



രണ്ടുമാവാം. ഏതായാലും ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നമുക്ക് അത് അധികാരികളോട് പരാതിപ്പെടാം. പഞ്ചായത്ത്/മുനിസിപ്പൽ ആക്ട് ചട്ടപ്രകാരം 10,000/- രൂപ വരെ പിഴ ചുമത്താവുന്നകുറ്റങ്ങളാണിവ. കുറ്റം ആവർത്തിച്ചാൽ ഓരോ ദിവസവും 100/- രൂപ നിരക്കിൽ അധിക പിഴയും ശിക്ഷിക്കാവുന്നതാണ്.







**മാലിന്യം കൂട്ടിയിട്ട് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പഞ്ചായത്ത്/നഗരസഭാ അധികാരികളെ അറിയിക്കാം.**

# മാലിന്യം വലിച്ചെറിഞ്ഞാൽ ഉടൻ പിഴ ഉറപ്പ്



ചവറോ മാലിന്യമോ അവ ശേഖരിക്കുന്നതിനു
വേണ്ടി നിശ്ചയിച്ചിട്ടുള്ളതല്ലാത്ത സ്ഥലത്ത്
വലിച്ചെറിയുകയോ നിക്ഷേപിക്കുകയോ
ചെയ്യുന്നതിലൂടെയാണ്
പല പകർച്ചവ്യാധികളും
ഉണ്ടാകുന്നതും തെരുവുപട്ടികളും
എലികളുമെല്ലാം പെരുകുന്നതും.






പക്ഷേ ഇങ്ങനെ ചെയ്യുന്നവർക്കെതിരെ
നമുക്ക് എന്തെങ്കിലും ചെയ്യാനാവുമോ?

തീർച്ചയായും. ഇത്തരം കാര്യങ്ങൾ
ശ്രദ്ധയിൽപ്പെട്ടാൽ അധികാരികളോട്
പരാതിപ്പെടാം. കേരള മുനിസിപ്പൽ ആക്ട്
പ്രകാരം 250 രൂപ തത്സമയം തന്നെ
പിഴ ചുമത്താവുന്ന കുറ്റമാണിത്.
കുറ്റം ആവർത്തിച്ചാൽ ഓരോ ദിവസവും
500 രൂപ വീതം വീണ്ടും
പിഴ ചുമത്താവുന്നതാണ്.



# ജലസ്രോതസ്സുകൾ ജീവസ്രോതസ്സുകൾ... അവയെ മലിനമാക്കരുതേ...



ജലാശയങ്ങളിലേക്കോ ജലവിതരണ സംവിധാനങ്ങളിലേക്കോ ഏതെങ്കിലും തരത്തിലുള്ള മാലിന്യം നിക്ഷേപിക്കുകയോ ഒഴുക്കി വിടുകയോ ചെയ്യുന്നതിലൂടെ മാലിന്യങ്ങൾ നമ്മുടെ കുടിവെള്ളത്തിൽ കലർന്ന് ശരീരത്തിലെത്തി വലിയ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും.



കുടിവെള്ളത്തിൽ വിഷം കലക്കുന്ന ഇത്തരക്കാർക്കെതിരെ നമുക്ക് എന്തുചെയ്യാനാവും.



വലിയ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ് അവർചെയ്യുന്നതെന്ന് അവരെ ബോധ്യപ്പെടുത്താം. കുറ്റം തുടരുകയാണെങ്കിൽ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി നിയമനടപടികൾ ഉറപ്പാക്കാം. കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം 3 വർഷം വരെ തടവോ രണ്ടു ലക്ഷം രൂപ വരെ പിഴയോ ലഭിക്കാവുന്ന കുറ്റമാണിത്.





**ജലം ജീവാമൃതമാണ്. ജലസ്രോതസ്സുകൾ മാലിന്യം കലരാതെ പവിത്രമായി സൂക്ഷിക്കാം. ജലത്തിൽ വിഷം കലക്കുന്നവർക്കെതിരെ അണിനിരക്കാം.**

# നിയമവിരുദ്ധമായി മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങൾ



കക്കൂസ് മാലിന്യങ്ങൾ, ഇറച്ചിവെട്ടു കേന്ദ്രങ്ങളിൽ നിന്നുള്ള മാലിന്യം, കല്യാണമണ്ഡപങ്ങളിൽ നിന്നുള്ള മാലിന്യം എന്നിവ നിയമ വിരുദ്ധമായി കൊണ്ടുപോകുന്നതും റോഡരികിലേക്കോ പുഴവക്കിലേക്കോ ജലസ്രോതസ്സുകളിലേക്കോ ഒഴുക്കി വിടുന്നതും നിക്ഷേപിക്കുന്നതും നിമിത്തം ഉണ്ടാകുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ വളരെ വലുതാണ്.



അതെ. പലപ്പോഴും നമ്മുടെ റോഡ് വക്കിൽ കക്കൂസ് മാലിന്യങ്ങൾ രാത്രിയുടെ മറവിൽ കൊണ്ട് തള്ളിയിട്ട് പോകാറുണ്ട്. ഇത്തരക്കാർക്കെതിരെ എന്ത് ചെയ്യാനാവും.



ഇത്തരം പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നമുക്ക് അധികാരികളോട് പരാതിപ്പെടാം.
കേരള പഞ്ചായത്ത് രാജ് /മുനിസിപ്പൽ നിയമങ്ങൾ പ്രകാരം ഇത്തരം കാര്യങ്ങൾക്കുപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കാനും കണ്ടുകെട്ടാനും ലേലം ചെയ്ത് പഞ്ചായത്ത്/നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടാനും കഴിയും.






**കക്കൂസ് മാലിന്യവും ഇറച്ചി മാലിന്യവും ശേഖരിക്കാനെത്തുന്നവർ അവ സുരക്ഷിതമായാണ് സംസ്കരിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടത് നമ്മുടെ കടമയായി ഏറ്റെടുക്കാം.**



# മലിനജലം ഒഴുക്കിവിടാനല്ല ഓടകൾ

വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ ഫ്ളാറ്റ് സമുച്ചയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലുണ്ടാകുന്ന മലിനജലം ശരിയായി സംസ്കരിക്കാതെ ഓടകളിലേയ്ക്ക് ഒഴുക്കി വിടുന്നത് പതിവ് കാഴ്ചയാണ്. നമ്മുടെ ജലസ്രോതസ്സുകൾ മലിനമാകുന്നതിന്റെയും കൊതുകുകൾ ഉൾപ്പെടെയുള്ള പ്രാണികൾ പെരുകുന്നതിന്റെയും പ്രധാന കാരണങ്ങളിലൊന്നാണ് ഇത്.





അപ്പോൾ ഓടകൾ മലിനജലം ഒഴുക്കിവിടാനുള്ള സ്ഥലമല്ലേ.



അല്ല. ഓടകൾ മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടിമാത്രം നിർമ്മിച്ചിട്ടുള്ളവയാണ്. അവയിലേക്ക് മലിനജലം ഒഴുക്കി വിടുന്നത് കുറ്റകരമാണ്.



ഇനി ഇത്തരം കാര്യങ്ങൾ കണ്ടാൽ അധികാരികളോട് പരാതിപ്പെടാം അല്ലേ.

അതെ. പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ട് പ്രകാരം ഒരു വർഷം തടവോ 50,000 രൂപ വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണിത്.





**ഹോട്ടലുകളുടേയും ഭക്ഷണശാലകളുടെയും മുൻഭാഗത്തെ ഭംഗിയും ആഢംബരങ്ങളുമല്ല പിൻഭാഗത്തെ സ്ഥിതിയും മാലിന്യസംസ്കരണ സംവിധാനങ്ങളുമാണ് ഉറപ്പു വരുത്തേണ്ടത്.**

# സമ്മേളന ഹാളുകളിലെ മാലിന്യം എന്ത് ചെയ്യണം?



സമ്മേളനമായാലും കല്യാണമണ്ഡപമായാലും ആഹാരം പാകം ചെയ്താണല്ലോ കഴിക്കുന്നത്. അപ്പോൾ അവിടെ ഖരമാലിന്യവും ഉണ്ടാകും ദ്രവമാലിന്യവും ഉണ്ടാകും.അങ്ങനെ ഉണ്ടാകുന്ന മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള ഉചിതവും പര്യാപ്തവുമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിൽ അത് വലിയ മാലിന്യ പ്രശ്നത്തിന് കാരണമാകും. ഡിസ്പോസബിൾ വസ്തുക്കൾ ഉപയോഗിക്കുന്നത് നിയന്ത്രിക്കേണ്ടതും അത്യാവശ്യമാണ്.



നമ്മൾ കാണുന്ന കല്യാണ മണ്ഡപങ്ങളിൽ പലയിടത്തും മാലിന്യങ്ങൾ പുറകിലെ കുഴിയിൽ ഒരുമിച്ച് കൂട്ടിയിട്ട് കത്തിക്കുന്നതാണല്ലോ കാണുന്നത്.



ഇനി ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽ പെട്ടാൽ നമുക്ക് അധികാരികളോട് പരാതിപ്പെടാം.കേരളാ പഞ്ചായത്ത്/ മുനിസിപ്പൽ കെട്ടിടനിർമ്മാണ നിയമപ്രകാരം 10,000/- രൂപ ശിക്ഷിക്കാവുന്ന കുറ്റമാണിത്. നിയമലംഘനം തുടർന്നാൽ ഓരോ ദിവസവും തുടർ പിഴയായി 1000/- രൂപ വരെ ശിക്ഷ ലഭിക്കാം.



**വിവാഹങ്ങളിലും സമ്മേളനങ്ങളിലും പങ്കെടുക്കാൻ പോകുമ്പോൾ അവിടെ മാലിന്യം എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നുകൂടി പരിശോധിക്കാം. ഗ്രീൻ പ്രോട്ടോക്കോളിന് വിരുദ്ധമായ പ്രവർത്തതനങ്ങൾ കണ്ടാൽ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താം.**

# ഇറച്ചി വ്യാപാരം നടത്തുമ്പോൾ ശ്രദ്ധിക്കാൻ ഒട്ടേറെ കാര്യങ്ങൾ



ഇറച്ചി വ്യാപാരം നടത്തുന്ന കടകൾ ചില്ല് വച്ച് മറയ്ക്കണം. ഈച്ചയും മറ്റ് പ്രാണികളും കടക്കാത്ത രീതിയിൽ ധാരാളം വായു സഞ്ചാരമുള്ളതായിരിക്കണം കട.
പുറമേ നിന്നുള്ളവർക്കും വഴിയാത്രക്കാർക്കും കാണത്തക്കവിധം മാംസം പ്രദർശിപ്പിക്കരുത്.
വ്യാപാരിയുടെ പേര്, കടയുടെ നമ്പർ, വില നിരക്ക് എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് പൊതു ജനങ്ങൾക്ക് കാണത്തക്ക വിധത്തിൽ പ്രദർശിപ്പിക്കണം.



ഇക്കാര്യങ്ങൾ
ചെയ്തില്ലെങ്കിലോ?




ഇപ്രകാരം നിയമങ്ങൾ പാലിയ്ക്കാതെ ഇറച്ചി വ്യാപാരം നടത്തിയാൽ അധികാരികളോട് പരാതിപ്പെടാം. കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരം 10,000 രൂപയിൽ കുറയാത്ത പിഴ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.



**വൃത്തിയുള്ള മാംസം, വൃത്തിയുള്ള അന്തരീക്ഷത്തിൽ ലഭിക്കേണ്ടത് നമ്മുടെ അവകാശമാണ്.**





# ഇറച്ചി മാലിന്യങ്ങൾ സംസ്കരിക്കാതിരുന്നാൽ

കശാപ്പുശാലകളിൽ നിന്നുള്ള ഇറച്ചി മാലിന്യങ്ങൾ അവ നിക്ഷേപിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലത്തല്ലാതെ നിക്ഷേപിക്കുകയോ കുഴിച്ചുമൂടുകയോ ഒഴുക്കി വിടുകയോ ചെയ്യുന്നതു നിമിത്തം പരിസരമലിനീകരണം ഉണ്ടാവുകയും തെരുവുപട്ടികൾ വർദ്ധിക്കുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.



ഇതിനെതിരെ നമുക്ക് പരാതിപ്പെടാൻ കഴിയില്ലേ.



തീർച്ചയായും കഴിയും. കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും )ചട്ടങ്ങൾ പ്രകാരം 1000 രൂപവരെ പിഴ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണിത്.








**ഇറച്ചിക്കടകളിലെയും ചിക്കൻ കട്ടിംഗ് സെന്ററുകളിലെയും മാലിന്യങ്ങൾ വഴിയിൽ തള്ളുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താം. നമ്മുടെ പരിസ്ഥിതി സംരക്ഷിക്കേണ്ടത് നമ്മുടെയും ഉത്തരവാദിത്തം.**

# സുരക്ഷിതമല്ലാത്ത ഭക്ഷണം വേണ്ടേ വേണ്ട

ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കൽ, ഗുണനിലവാരമില്ലാത്തതും സുരക്ഷിതമല്ലാത്തതുമായ ഭക്ഷണം നൽകൽ, ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണസാധനങ്ങൾ നിർമ്മിക്കൽ, കാലാവധി കഴിഞ്ഞ ഭക്ഷണ സാധനങ്ങൾ വിൽപ്പന നടത്തൽ എന്നിവയെല്ലാം ചെയ്യുന്നവർ നമ്മുടെ ആരോഗ്യം തകർക്കുകയാണ് ചെയ്യുന്നത്.





ഇത് തടയാൻ നമ്മുടെ രാജ്യത്ത് നിയമമൊന്നുമില്ലേ.

ഉണ്ടല്ലോ. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഇത്തരം കുറ്റങ്ങൾക്ക് 2 ലക്ഷം രൂപവരെ പിഴ ചുമത്താവുന്നതാണ്.





അപ്പോ ഇനി ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നമുക്ക് അധികാരികളോട് പരാതിപ്പെടാം.



**ആരോഗ്യം സമ്പത്ത്.**
**സുരക്ഷിത ഭക്ഷണം**
**നമ്മുടെ അവകാശം**



# ഭക്ഷണം വിളമ്പുമ്പോൾ മാത്രമല്ല നിർമ്മിക്കുമ്പോഴും ശുചിത്വം പാലിക്കണം.



ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന ഹോട്ടലുകൾ, കല്ല്യാണമണ്ഡപങ്ങൾ, റിസോർട്ടുകൾ, കാറ്ററിംഗ് സർവ്വീസ് കേന്ദ്രങ്ങൾ, ബേക്കറി ഉല്പ്പന്ന നിർമ്മാണ യൂണിറ്റുകൾ എന്നിവിടങ്ങളിലെ പാചകപ്പുരകൾ വൃത്തിയായി സൂക്ഷിക്കാതെ അവ വിൽപ്പന നടത്തുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നിടത്ത് മാത്രം ശുചിത്വം പാലിച്ചിട്ട് കാര്യമില്ല.



ഇനി ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ ഞാൻ അധികാരികൾക്ക് പരാതിപ്പെടും.



വളരെ നല്ലത്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഒരു ലക്ഷം രൂപ വരെ പിഴ നൽകാവുന്ന കുറ്റമാണ് ഇവയെല്ലാം.






**വൃത്തിയില്ലാത്ത സാഹചര്യത്തിൽ ഭക്ഷണം നിർമ്മിക്കുകയോ, വിതരണം ചെയ്യുകയോ, വിൽപ്പന നടത്തുകയോ ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടാൽ അധികാരികളെ അറിയിച്ച് നിയമ നടപടികൾ ഉറപ്പാക്കുക**

# കെട്ടിടങ്ങളിൽ ശുചിമുറികൾ നിർബന്ധം

വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ എത്തിച്ചേരുന്ന കെട്ടിടങ്ങളിൽ നിശ്ചിത എണ്ണം ശുചിമുറികൾ, വാട്ടർ ക്ലോസറ്റുകൾ എന്നിവ പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകമായി ഒരുക്കണം.



അങ്ങനെ ഇല്ലെങ്കിൽ നമുക്ക് പരാതിപ്പെടാൻ കഴിയുമോ





തീർച്ചയായും കഴിയും. ഇത്തരം സൗകര്യം ഒരുക്കാതിരിക്കുന്നത് പഞ്ചായത്ത്/മുനിസിപ്പൽ കെട്ടിടനിർമ്മാണ നിയമപ്രകാരം 10,000 രൂപ വരെ പിഴ ശിക്ഷ നൽകാവുന്ന കുറ്റമാണ്. നിയമലംഘനം തുടരുന്ന പക്ഷം ഓരോ ദിവസവും 1000/- രൂപ വരെ തുടർ പിഴയായി നൽകാവുന്നതാണ്.







**നിങ്ങളുടെ സ്കൂളിൽ മതിയായ ശുചിമുറികളുണ്ടെന്ന് ഉറപ്പുവരുത്തുക. ശുചിമുറികൾ കുറവാണെങ്കിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി അധികാരികളെ അറിയിച്ച് പരിഹാരം ഉണ്ടാക്കുക.**


# കെട്ടിടങ്ങളിൽ ദ്രവമാലിന്യ സംസ്കരണത്തിനും മലിനജല പുനചംക്രമണത്തിനുമുള്ള സംവിധാനമൊരുക്കൽ

വീടുകളിലും, ഓഫീസുകളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും, വ്യാപാര സ്ഥാപനങ്ങളിലുമെല്ലാം ദ്രവമാലിന്യം സംസ്കരിക്കുന്നതിനും മലിനജലം പുനചംക്രമണം ചെയ്യുന്നതിനും ശരിയായ സംവിധാനം ഒരുക്കാത്തതു നിമിത്തം ഇവിടങ്ങളിൽ നിന്നുള്ള ദ്രവമാലിന്യങ്ങളും മലിനജലവും പുറത്തേയ്ക്കൊഴുകി വലിയ ആരോഗ്യപ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്.





വലുപ്പം കൂടുതലുള്ള കെട്ടിടങ്ങളിലെങ്കിലും ഇത്തരം സംവിധാനങ്ങൾ നിർബന്ധമാക്കേണ്ടതല്ലേ?



2500 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാസ ഗൃഹങ്ങളുൾപ്പെടെയുള്ള കെട്ടിടങ്ങളിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനവും 1500 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളിൽ മലിനജല പുനചംക്രമണ സംവിധാനവും ഒരുക്കിയില്ലെങ്കിൽ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം 10000 രൂപ വരെ പിഴയ്ക്ക് ശിക്ഷിക്കാവുന്നതാണ്.



ഇനി ഇത്തരം കാര്യങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഞാൻ അധികാരികളോട് പരാതിപ്പെടും.







**ദ്രവമാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കാം.**
**പാഴ്ജലം പുനചംക്രമണം ചെയ്ത് പുനരുപയോഗിക്കാം.**